# ഉടപ്പിറന്നോർക്ക് സ്നേഹപൂർവ്വം!

എൻ.എൻ. അബ്ദുൽ ഗഫൂർ

ഉടപ്പിറന്നോരേ...
ലക്ഷണം കണ്ടിട്ട് ഇനിയേറെയില്ലെന്ന് തോന്നുന്നു
അമ്മച്ചിക്ക് പോകാൻ!
വേനലവധിക്കു തന്നെ
അമ്മച്ചി പൊയെങ്കിലെന്ന
നമ്മുടെ കിനാവ് സഫലമാകുന്നതു പോലെ!

അപ്പൻ പോയപ്പോൾ സംഭവിച്ചതുപോലെ
ഇത്തവണ
വീടൊരു മരണവീടാകരുത്
സംഗതി കലക്കണം
അമ്മച്ചി പോകുന്നത്
നാലാൾ അറിഞ്ഞു തന്നെ വേണം!

ടോറോണ്ടോയിൽനിന്ന്
കറിയാച്ചനും  പിള്ളാരും
മെൽബനിൽനിന്ന്
സണ്ണിച്ചായനും കുടുംബോം
ഇപ്പോൾ തന്നെ പുറപ്പെട്ടോണം!

ഭീലായിയിൽനിന്ന് എൽസിയും
ഭീവണ്ടിയിൽനിന്ന് റോസിയും
ഭുവനേശ്വറിൽനിന്ന് ജോണിയും

ഇച്ചിരി നേരത്തെ പുറപ്പെട്ടാൽ നന്ന്,
വെക്കേഷനായാൽ ടിക്കറ്റ് കിട്ടത്തില്ല.

പിള്ളാർക്കു ബോറടിക്കാതിരിക്കാൻ
ഫാൻസീ ഡ്രസ്സിലും പൊട്ടറ്റൊ ഗാതറിങ്ങിലും
മ്യൂസിക് ചെയറിലും കളറിങ്ങിലും

മത്സരം സംഘടിപ്പിച്ചിട്ടുണ്ടെന്നു
വിൽമയോടും നിർമ്മലിനോടും
പിന്നെ
ലിജോയോടും റബേക്കയോടും
പ്രത്യേകം അറിയിക്കുന്നു.
അടക്കം കഴിഞ്ഞാലുടൻ
കോമ്പിറ്റേഷൻ!
അപ്പൻ പോയപോലെ
കിടക്കപ്പായ മാത്രം ഉപേക്ഷിച്ചല്ലല്ലോ
അമ്മച്ചിയുടെ പോക്ക്!
വടക്കേക്കുന്നിലെ പത്തേക്കർ
റബ്ബറിന്റെയും
വട്ടത്തോടിൻ കരയിലെ
പതിനഞ്ചേക്കർ  കമുകിന്റെയും
പിലാപ്പറമ്പിലെ



മുപ്പതേക്കർ കാപ്പിയുടെയും കാര്യത്തിൽ
അന്നുതന്നെ തീരുമാനമാക്കാം.
ആധാരമെഴുതാൻ
ഗോവിന്ദപ്പണിക്കർ അന്നുതന്നെ വരും.

ശവമടക്ക് പൊടിപൊടിക്കണം നമുക്ക്!
വീഡിയോ ഗ്രാഫിയും തത്സമയ കാഴ്ചയും
ഏർപ്പാടാക്കിയിട്ടുണ്ട്
നല്ല കവറേജ് നൽകാൻ
പത്രക്കാർക്കും ചാനൽ റിപ്പോർട്ടർമാർക്കും
നല്ല കനത്തിൽ
അ ഡ ്വ ാ ൻ സ ാ യ ി
കൈമടക്കിയിട്ടുണ്ട്!

എല്ലാം ശുഭമായാൽ
ഒന്നിച്ചൊരു ഹാപ്പി ട്രിപ്പ്,
വേളാങ്കണ്ണിക്ക്!

ഇപ്പോൾ ഇത്രമാത്രം,

ദേ .......... ഹോം നഴ്സ്
വിളിക്കുന്നു!
സംഗതി  തീർന്നെന്നാ
തോന്നുന്നേ,
ഞാൻ പോയി നോക്കട്ടെ,
എന്തായാലും ഞാൻ വിളിക്കാം
ഓ ...... ക്കെ, ടെയ്ക് കെയർ!